# ബൈതുൽഅമാൻ കാരന്തൂർ

**(A MICRO FINANCING SOCIETY)**

**Run by**: Sunni Centre (Reg)

**പി.ഒ. കാരന്തൂർ, കുന്ദമംഗലം - 673571**

**ഫോൺ : 9946184786, 9846750886**

**''വിശ്വസ്ഥത, സത്യസന്ധ്യത, കൃത്യനിഷ്ഠത''**

# ബൈതുൽഅമാൻ ഭരണ സംവിധാനം

## രക്ഷാധികാരികൾ:

**മുഖ്യ രക്ഷാധികാരി.** Dr.A.P അബ്ദുൽ ഹകീം അസ്ഹരി, കാന്തപുരം

C.P മൂസ ഹാജി (M.D അപ്പോളോ ഗ്രൂപ്പ്)

B.P സിദ്ധീഖ് ഹാജി (വിക്ടറി)

Dr.C സഹീർ അലി (S.D.K.H.C)

M. ഉമ്മർ ഹാജി (നഫീസ ഹോംലാന്റ്)

## ഡയരക്ടർ ബോർഡ്.

ക്യാപിറ്റൽ ഫ ിൽ പതിനായിരം രൂപ ഫിക്സഡ് ടെപ്പോസിറ്റ് ഉള്ളവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന പതിനൊന്ന് പേരാണ് ഡയരക്ടർ ബോർഡ്.

| | | |
|---|---|---|
| **മാനേജിംഗ് ഡയരക്ടർ** | : | മ ാളിൽ ഉസ്മാൻ ഹാജി<br>Ph: 9946184786 |
| **പബ്ലിക്ക് റിലേഷൻ ഡയരക്ടർ** | : | ദുൽകിഫിൽ സഖാഫി<br>Ph: 9846750886 |
| **ഓഫീസ് സെക്രട്ടറി** | : | മുഹമ്മദ് ശരീഫ്. C.K<br>Ph: 9995654394 |

## കാര്യാലയം

ബൈതുൽ അമാൻ കാരന്തൂർ

സുന്നീ സെന്റർ, P.O കാരന്തൂർ 673 571,

കുന്ദമംഗലം. കോഴിക്കോട്, കേരള, ഇന്ത്യ

## ഉദ്ദേശ ലക്ഷ്യങ്ങൾ

1. പലിശരഹിത സമ്പാദ്യപദ്ധതി പ്രോത്സാഹിപ്പിക്കുക.
2. സമൂഹത്തിലെ ഇടത്തരക്കാർക്കും, സാധാരണക്കാർക്കും, ദരിദ്രർക്കും പലിശരഹിതമായ രീതിയിൽ വായ്പാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
3. പലിശാധിഷ്ഠിത സാമ്പത്തിക ക്രമത്തിന്റെ ദൂഷ്യഫലങ്ങളിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കുക.
4. പരസ്പരസഹകരണ സംവിധാനത്തിലൂടെ നേടിയെടുക്കാവുന്ന വമ്പിച്ച ഗുണഫലങ്ങൾ പ്രായോഗികമായി സമൂഹത്തെ ബോധ്യപ്പെടുത്തുക.
5. ഇപ്പോൾ സർവ്വോപരി ലോകത്ത് സർവ്വാംഗീകാരം നേടിക്കൊണ്ടിരിക്കുന്ന ഇസ്ലാമിക സാമ്പത്തിക വ്യവസ്തയെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

അഥവാ സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുകയും സാധാരണക്കാരന്റെ അദ്ധ്വാനഫലത്തിൽ നിന്നും ഇടത്തരക്കാരുടെ ദീർഘകാല ഹ്രസ്വകാല നിക്ഷേപങ്ങളിലൂടെയും മെമ്പർഷിപ്പിലൂടെയും ഉദാരമതികളുടെ സംഭാവനയിലൂടെയും ഫണ്ട് സ്വരൂപിക്കുക.

പലിശാധിഷ്ഠിത സാമ്പത്തിക ക്രമത്തിന്റെയും വട്ടിപ്പലിശയുടെയും കരാളഹസ്തങ്ങളിൽ പെട്ട് ജീവിതോപാതി നഷ്ടപ്പെട്ട് തെരുവ്തെണ്ടികളാകുന്ന, കിടപ്പാടം വിറ്റ് വഴിയാധാരമാകുന്ന സാഹചര്യത്തിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കുക, ദരിദ്രരിൽ ദരിദ്രരായവരുടെ അത്യന്താപേക്ഷിതമായ ഭക്ഷണം, വസ്ത്രം, ചികിത്സ,തൊഴിൽ തുടങ്ങിയ കാര്യങ്ങൾക്ക് അടിയന്തിര സഹായം ലഭിക്കാൻ സംവിധാനം ഏർപ്പെടുത്തുക.

സ്വാർത്ഥത കൈവെടിഞ്ഞ് പരസ്പര സഹകരണത്തോടെ, തുടർച്ചയായ നിക്ഷേപത്തിലൂടെ വലിയ ഫണ്ടുകൾ സ്വരൂപിച്ച്, അതിലെ മെമ്പർമാർക്ക് വീട്, വിവാഹം, വാഹനം, വ്യവസായം, വ്യാപാരം മുതലായ ആവശ്യങ്ങൾക്ക് ആവശ്യമായത്ര തുക വായ്പ നൽകുക.

നിരന്തര പ്രഭാഷണങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും പലിശാധിഷ്ഠിത സാമ്പത്തിക ക്രമത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. അതോടൊപ്പം വളരെ വ്യക്തവും സുതാര്യവും അതിലേറെ ഭദ്രവുമായ ഇസ്ലാമിക സാമ്പത്തിക സംവിധാനങ്ങളുടെ പ്രായോഗികത അനുഭവസാക്ഷ്യപ്പെടുത്തുക.

ബൈതുൽ അമാന്റെ സേവന മേഖല ഈ വർഷം മുതൽ കാരന്തൂർ മഹല്ല് കൂടാതെ കുന്ദമംഗലം,കോട്ടാപറമ്പ്,മായനാട്,ചെലവൂർ, കോണോട്ട് എന്നീ മഹല്ലുകളിലേക്കും വ്യാപിപ്പിക്കുക.

ജാതിമത ഭേദമന്യേ നടപ്പാക്കുന്ന ഇത്തരം സംവിധാനങ്ങളിലൂടെ സമൂഹത്തിന് സന്തോഷവും സംതൃപ്തിയും നൽകി ജീവിതത്തിൽ പ്രതീക്ഷയും പ്രത്യാശയും വളർത്തുക കൂടാതെ ഇന്ന് ഏറ്റവും വലിയ ഒരു പ്രശ്നമായി നിലനില്ക്കുകയും കൂടുതൽ വളർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്ന ആത്മഹത്യ ആശ്രിത കൊലപാതകം മുതലായ സാമൂഹ്യ വിപത്തിൽ നിന്ന് ജനതയെ മോചിപ്പിക്കുകയും ഉത്തമ സമൂഹ സൃഷ്ടിക്ക് സാധ്യമാക്കുകയും ചെയ്യുക.

# ബൈതുൽ അമാൻ ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ

## ബൈതുൽ അമാൻ വെൽഫയർ ഫണ്ട് (B.A.W.F) അഥവാ ക്ഷേമനിധി.

**ഈ ഫണ്ടിന്റെ പ്രത്യേകതകൾ :-**

1. ബൈത്തുൽ അമാൻ വെൽഫയർ ഫണ്ടിന്റെ സാധാരണ മെമ്പർഷിപ്പ് **അഞ്ഞൂറ് (500)** രൂപയും ലൈഫ് മെമ്പർഷിപ്പ് **ആയിരം(1000)** രൂപയും എക്സിക്യൂട്ടീവ് മെമ്പർഷിപ്പ് **അയ്യായിരം(5000)**രൂപയും ക്യാപിറ്റൽ മെമ്പർഷിപ്പ് **പതിനായിരം(10000)** രൂപയുമാണ്.
2. ഈ നിധിയിൽ ആർക്കും എപ്പോഴും എത്ര തുകയും നിക്ഷേപിക്കാവുന്നതും നിക്ഷേപം എപ്പോഴും മുന്നറിയിപ്പോടെ പിൻവലിക്കാവുന്നതും ആണ്.
3. സാധാരണ മെമ്പർമാർക്ക് **മുപ്പതിനായിരം(30000)**രൂപ വരെയും, ലൈഫ് മെമ്പർമാർക്ക് **അമ്പതിനായിരം(50000)**രൂപ വരെയും എക്സിക്യൂട്ടീവ് മെമ്പർമാർക്ക് **ഒരു ലക്ഷം (100000)** രൂപ വരെയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ലോണിന് അർഹതയുണ്ടായിരിക്കും.
4. വെൽഫയർ ഫണ്ടിന്റെ അപേക്ഷാഫോറം സൗജന്യമായിരിക്കും.
5. ഈ ഫണ്ടിലെ അപേക്ഷകന്റെ മഹല്ലിലെ രണ്ട് മെമ്പർമാരുടെ ജാമ്യത്തിൽ മാത്രമേ ലോൺ ലഭിക്കുകയുള്ളൂ.
6. ലോൺ തുക രണ്ട് വർഷത്തിനുള്ളിൽ തന്നെ അടച്ച് തീർക്കേണ്ടതാണ്.
7. ജാമ്യം നിൽക്കുന്ന മെമ്പർമാർ, ലോൺ കൃത്യമായി തിരിച്ചടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. ലോൺ തിരിച്ചടച്ച ശേഷം മെമ്പർഷിപ്പ് തുക നില നിർത്താതെ പിൻവലിക്കുന്നവർക്ക് അടുത്ത ഒരു വർഷത്തേക്ക് ലോൺ ലഭിക്കുന്നതല്ല.
9. വിവാഹം, വീട് നിർമ്മാണം, ഹജ്ജ്യാത്ര, വാഹനംവാങ്ങൽ മുതലായ ആവശ്യത്തിലേക്ക് പണം സംഭരിക്കുന്നവർക്ക് ഈ ഫണ്ടിൽ നിക്ഷേപിക്കാവുന്നതും ആവശ്യത്തിന് മുന്നറിയിപ്പോടെ പിൻവലിക്കാവുന്നതും ആണ്.
10. മെമ്പർഷിപ്പെടുത്ത് മൂന്നുമാസത്തിന് ശേഷം മാത്രമേ സാധാരണഗതിയിൽ ലോൺ അനുവദിക്കുകയുള്ളൂ.
11. ഈ ഫണ്ടിന്റെ സ്രോതസ്സ് നിക്ഷേപമായതിനാൽ നിത്യചെലവ് കഴിച്ച് ബാക്കി വരുന്ന കൂലി, വാടക, ശമ്പളം എന്നിവ ഇതിൽ നിക്ഷേപിച്ച് സഹകരിക്കേണ്ടതാണ്. പ്രത്യേകിച്ച് ഗൾഫ് സുഹൃത്തുക്കൾ അവരുടെ വരുമാനത്തിന്റെ ഒരംശം ഈ നിധിയുടെ പരിപോഷണത്തിനായി ഉപയോഗിക്കണം.

## ബൈതുൽഅമാൻ കോ. ഓപ്പറേറ്റീവ് ഫണ്ട് (B.A.Co.F.)

**ഈ ഫണ്ടിന്റെ പ്രത്യേകതകൾ :-**

1. ഈ ഫണ്ട് വളരെ അൽഭുതകരമായി വളരുന്ന രൂപത്തിലാണ് സംവിധാനിച്ചിരിക്കുന്നത്. ഇതിൽ മെമ്പർമാരാവുന്നവർക്ക് മറ്റ് പലിശാതിഷ്ഠിത ബാങ്കുകളെ ആശ്രയിക്കാതെജീവിതത്തിന്റെ എല്ലാവിധ പദ്ധതികൾക്കും ഈ ഫണ്ടിൽ നിന്ന് തന്നെ ലോൺ ലഭിക്കുന്നതാണ്.

2. ഇതിലെ മെമ്പർമാരാവുന്നവർ അടക്കുന്ന തുക കൃത്യമായും സ്ഥിര മായും അടക്കുന്നതിലാണ് ഇതിന്റെ വിജയം.

3. മെമ്പർമാർക്ക് മൂന്ന് മാസത്തിന് ശേഷം മാത്രമേ ലോൺ അനുവദിക്കു കയുള്ളൂ.

4. ഓരോ സ്കീമിലും മിനിമം അൻപത് പേരടങ്ങുന്ന യൂണി റ്റുകളായിരിക്കും.

5. ഒരാൾക്ക് തന്നെ വ്യത്യസ്ഥ സ്കീമിൽ അംഗമാകാവുന്നതാണ്.

6. ലോൺ എടുക്കന്നവർ തിരിച്ചടവിനോടൊപ്പം നിക്ഷേപതുകയും കൃത്യ മായി തന്നെ അടക്കേണ്ടതാണ്.

7. മെമ്പർമാർ ലോൺ എടുത്താലും എടുത്തില്ലെങ്കിലും നിക്ഷേപതുക കൃത്യമായി തന്നെ അടക്കേണ്ടതാണ്.

8. സഹകരണ ഫണ്ടിലെ അപേക്ഷകന്റെ മഹല്ലിലെ രണ്ട് മെമ്പർമാരുടെ ജാമ്യത്തിൽ മാത്രമേ ലോൺ അനുവദിക്കുകയുള്ളൂ.

9. അതാത് സമയത്തെ ഫണ്ടിന്റെ ലഭ്യതയും തിരിച്ച് അടക്കാനുള്ള കഴിവും അനുസരിച്ചാണ് ഡയരക്ടർ ബോർഡ് ലോൺ തുക നിശ്ചയി ക്കുന്നത് .

10. ഓർക്കുക: കൃത്യമായി അടക്കാൻ കഴിയുന്ന, മറ്റൊന്നിനും ഭാരമാവാത്ത തുക മാത്രമെ ഈ ഫണ്ടിൽ നിക്ഷേപിക്കാവൂ.

11. ഫണ്ടിൽ നിന്ന് പിരിയാനാഗ്രഹിക്കുന്നവർക്ക് ഇടപാട് തീർത്ത് മുന്നറിയിപ്പോടെ വർഷാവസാനം പിരിയാവുന്നതാണ്.
12. ഈ ഫണ്ടിൽ നിന്ന് ലോൺ എടുക്കുമ്പോൾ അപേക്ഷാ ഫോമിന് 250 രൂപ ഫീസ് ഈടാക്കുന്നതാണ്.

# ബൈതുൽ അമാൻ സഹകരണ ഫണ്ടിന്റെ അഞ്ച് സ്കീമുകൾ

1. **<u>ബൈതുൽ അമാൻ പ്ലാറ്റിനം സ്കീം</u>** :-

   **1000 രൂപ** മാസംതോറും കൃത്യമായി അടക്കാൻ തയാറുള്ളവർക്ക് ഇതിൽ അംഗത്വം ലഭിക്കും.

2. **<u>ബൈതുൽ അമാൻ ഗോൾഡ് സ്കീം</u>** :-

   **500 രൂപ** മാസം തോറും കൃത്യമായി അടക്കാൻ തയ്യാറുള്ളവർക്ക് ഇതിൽ അംഗത്വം ലഭിക്കും.

3. **<u>ബൈതുൽ അമാൻ സിൽവർ സ്കീം</u>** :-

   **200 രൂപ** മാസംതോറും കൃത്യമായി അടക്കാൻ തയ്യാറുള്ളവർക്ക് ഇതിൽ അംഗത്വം ലഭിക്കും.

4. **<u>ബൈതുൽ അമാൻ പീപ്പിൾസ് സ്കീം</u>** :-

   **125 രൂപ** ആഴ്ചയിൽ കൃത്യമയി അടക്കാൻ തയാറുള്ളവർക്ക് ഇതിൽ അംഗത്വം ലഭിക്കും.

5. **<u>ബൈതുൽ അമാൻ ഫാമിലി സ്കീം</u>** :-

   **50 രൂപ** ആഴ്ചയിൽ കൃത്യമായി അടക്കാൻ തയ്യാറുള്ളവർക്ക് ഇതിൽ അംഗത്വം ലഭിക്കും.

ബൈതുൽഅമാന്റെ പ്രവർത്തനം പൂർണ്ണമായും ഒരു സേവന പദ്ധതിയാണെങ്കിലും ഇത്തരം ഒരു പദ്ധതി വളരെ നന്നായി പ്രവർത്തിക്കുന്നതിന് ഏറെ ചെലവുകളുണ്ട്. ഈ ചെലവുകൾ കണ്ടെത്തുന്നത് ഫണ്ടിൽ നിന്ന് നിശ്ചിത തുക ലാഭകരമായ ബിസിനസ്സിൽ നിക്ഷേപിച്ചുകൊണ്ടാണ്. മെമ്പർമാരും ലോൺ എടുക്കുന്നവരും ഇത് നിലനില്ക്കണമെന്ന് ആഗ്രഹിക്കുന്നവരും ഈ ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യണമെന്ന് അപേക്ഷിക്കുന്നു. നാഥൻ തുണക്കട്ടെ.. ആമീൻ...

**മണ്ടാളിൽ ഉസ്മാൻ ഹാജി (ഒപ്പ്)**

മാനേജിംഗ് ഡയരക്ടർ

ബൈതുൽ അമാൻ, കാരന്തൂർ